**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3455** **26-06-2024 - ല്‍ മറുപടിയ്ക്ക്**

**വില്ലേജ് ഓഫീസുകളുടെ പ്രവര്‍ത്തനം ജനകീയമാക്കാന്‍ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീമതി കാനത്തില്‍ ജമീല,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ വി കെ പ്രശാന്ത്** | | **ശ്രീ. കെ. രാജന്‍<br>(റവന്യൂ-ഭവനനിര്‍മ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഭൂസംരക്ഷണത്തിലും ക്ഷേമപ്രവര്‍ത്തനങ്ങളിലും ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും പൊതുജനങ്ങളുടെ സഹകരണത്തോടെ വില്ലേജ് ഓഫീസുകളുടെ പ്രവര്‍ത്തനം കൂടുതല്‍ ജനകീയമാക്കുന്നതിനും എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | ഭൂസംരക്ഷണ കാര്യത്തിലും ജനക്ഷേമ പ്രവര്‍ത്തനങ്ങളിലും ജനകീയ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും പൊതുജനങ്ങളുടെ ഭൂമി സംബന്ധമായ പ്രശ്നങ്ങള്‍ക്ക് പരിഹാരം കാണുന്നതിനും പൊതുജനങ്ങളുടെ സഹകരണത്തോടെ വില്ലേജ് ഓഫീസുകളുടെ പ്രവര്‍ത്തനം കൂടുതല്‍ കാര്യക്ഷമമാക്കുന്നതിനും എല്ലാ വില്ലേജ് ഓഫിസുകളിലും നിശ്ചിത ഘടനയും പ്രവര്‍ത്തന രീതിയും അടങ്ങിയ വില്ലേജ് തല ജനകീയ സമിതികള്‍ രൂപീകരിച്ച് 13.01.2022-ലെ സ.ഉ(സാധാ) നം. 209/2022/റവ നമ്പര്‍ പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്. |
| (ബി) | വില്ലേജുതല ജനകീയ സമിതികളുടെ പ്രവര്‍ത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കില്‍ സമിതികളുടെ പ്രവര്‍ത്തനത്തിലെ കുറവുകള്‍ പരിഹരിക്കുന്നതിന് എന്തെല്ലാം നിര്‍ദ്ദേശങ്ങള്‍ നല്‍കിയിട്ടുണ്ട്; വിശദമാക്കുമോ; | (ബി) | വില്ലേജ് തല ജനകീയ സമിതിയുടെ യോഗശേഷം, യോഗം ചേര്‍ന്നതായ വിവരം ലാന്‍ഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലേക്ക് സമര്‍പ്പിക്കുന്നതിന് ഒരു ഗൂഗിള്‍ ഫോം തയ്യാറാക്കി എല്ലാ ജില്ലാ കളക്ടര്‍മാര്‍ക്കും ലഭ്യമാക്കിയിട്ടുണ്ട്. യോഗശേഷം വില്ലേജ് ഓഫീസില്‍ തന്നെ ടി ഗൂഗിള്‍ ഫോമില്‍ രേഖപ്പെടുത്തലുകള്‍ വരുത്താവുന്നതാണ്. റവന്യൂ വകുപ്പ് മന്ത്രി, വകുപ്പ് സെക്രട്ടറി, ലാന്‍ഡ് റവന്യൂ കമ്മീഷണര്‍, ജോയിന്റ് കമ്മീഷണര്‍, അസിസ്റ്റന്റ് കമ്മീഷണര്‍ (ഡി.എം) എന്നിവര്‍ക്ക് അതാത് സമയം ഗൂഗിള്‍ ഫോം വീക്ഷിക്കാവുന്നതുമാണ്. എല്ലാ വില്ലേജുകളിലും യോഗം ചേര്‍ന്നതായ സാക്ഷ്യപത്രം ജില്ലാ നോഡല്‍ ഓഫീസര്‍മാര്‍ പിറ്റേ ദിവസം തന്നെ ലാന്‍ഡ് റവന്യൂ കമ്മീഷണര്‍ക്ക് സമര്‍പ്പിക്കുന്നതിന് നിര്‍ദ്ദേശം നല്‍കിയിട്ടുണ്ട്.<br><br>എല്ലാ മാസത്തിലേയും 3-ാമത്തെ വെള്ളിയാഴ്ച വില്ലേജ് തല ജനകീയ സമിതി ചേരണമെന്ന് വില്ലേജ് |

| | | | |
|---|---|---|---|
| | | | ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതും സമിതിയിൽ ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളിന്മേൽ പ്രത്യേക പരിഗണന നൽകി തുടർ നടപടികൾ സ്വീകരിയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. കൂടാതെ ഓരോ സമിതിയിലും വില്ലേജിലെ നിലവിലെ സാഹചര്യമനുസരിച്ച് വ്യത്യസ്തമായ അജണ്ടകൾ തയ്യാറാക്കി അവയിൽ ചർച്ചകൾ നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (സി) | വില്ലേജ് തല ജനകീയ സമിതികൾ കാലഘട്ടത്തിന്റെ ആവശ്യകതയായി കണക്കാക്കി കൃത്യമായി കൂടുന്നതിനായി എല്ലാ മാസത്തിലും അജണ്ട തയ്യാറാക്കി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ചേരുന്ന യോഗത്തിൽ നിലവിലുള്ള റവന്യൂ ഓൺ ലൈൻ സേവനങ്ങൾ ലഭിയ്ക്കുന്നതിന് എപ്രകാരം അപേക്ഷിക്കണം എന്നതിനും, ഇതുമൂലം റവന്യൂ വകുപ്പ് നടപ്പിലാക്കി വരുന്ന സേവനങ്ങൾ, പദ്ധതികൾ എന്നിവ വില്ലേജ് തല ജനകീയ സമിതി അംഗങ്ങൾക്ക് മനസ്സിലാക്കുന്നതിന് സാധിയ്ക്കുകയും, തങ്ങൾക്ക് ലഭിച്ച അവബോധം പൊതുജനങ്ങളിലെത്തുന്നതിനും പൊതു ജനങ്ങളെ ബോധവൽക്കരിയ്ക്കുന്നതിന് സഹായകരമായി തീരുകയും ചെയ്യുന്നു. എല്ലാ വില്ലേജ് തല ജനകീയ സമിതികളിലും വില്ലേജിലെ പൊതുവായ വിഷയങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. പ്രാദേശികമായി ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പഠിയ്ക്കുന്നതിനും, ജില്ലാതലത്തിൽ പൂർത്തീകരിക്കാൻ സാധിക്കുന്നവയിൽ നടപടി ത്വരിതപ്പെടുത്തുന്നതിനും പരിഹരിയ്ക്കുന്നതിനും സാധിയ്ക്കുന്നു. |

സെക്ഷൻ ഓഫീസർ